**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **01-09-2022 - ൽ മറുപടിയ്ക്ക്**

**കാപ്പ നിയമം ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ സ്വദേശി ഫർസീൻ മജീദ് എന്ന വ്യക്തിക്കെതിരെ കാപ്പ നിയമം ചുമത്താൻ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 'കാപ്പ' നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് നല്കാൻ നിർവാഹമില്ല. |
| (ബി) | ഒരു വ്യക്തിക്കെതിരെ കാപ്പ നിയമം ചുമത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 2 (ഒ) / 2(പി) വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഒരു വ്യക്തി അറിയപ്പെടുന്ന ഗുണ്ട / അറിയപ്പെടുന്ന റൗഡി എന്ന നിർവചനത്തിൻ കീഴിൽ വരികയും ആ വ്യക്തിയുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സാധാരണ നിയമപ്രകാരമുള്ള നടപടികൾ പര്യാപ്തമാകാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ കാപ്പ നിയമത്തിലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവോ വകുപ്പ് 15(1) പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവുകളോ പുറപ്പെടുവിക്കുന്നു. |
| (സി) | മേൽ സൂചിപ്പിച്ച വ്യക്തിക്കെതിരെ നിലവിലുള്ള കേസുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാന മന്ത്രിസഭയിലെ ഓരോ മന്ത്രിയുടെയും പേരിൽ എത്ര ക്രിമിനൽ കേസുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | കേരളത്തിൽ നിന്നുള്ള രാജ്യസഭ എം.പി.മാരുടെ പേരിൽ എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | ഫർസീൻ മജീദ് എന്ന വ്യക്തിയേക്കാൾ കൂടുതൽ ക്രിമിനൽ കേസുകൾ ഉള്ള എല്ലാ വ്യക്തികളുടേയും പേരിൽ കാപ്പ ചുമത്താൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഒരു വ്യക്തിയുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സാധാരണ നിയമപ്രകാരമുള്ള നടപടികൾ പര്യാപ്തമാകാത്ത സാഹചര്യത്തിൽ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം |

| | | | |
|---|---|---|---|
| | | | അത്തരം വ്യക്തിക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കണ്ണൂർ സ്വദേശി ഫർസീൻ മജീദിനെതിരെയുള്ള കേസുകളുടെ വിവരം

| Sl. No. | Police Station | Cr. No. | Sec. of Law | Present Stage |
|---|---|---|---|---|
| 1 | KANNUR TOWN PS | 413/2017 | U/s 143,147,148,283 r/w 149 IPC & Sec.3(1) of PDPP Act | PT |
| 2 | MATTANNUR | 67/2018 | U/s 143,147,148,341,323,324,308r/w 149 IPC | PT |
| 3 | MATTANNUR | 801/2018 | U/s 143,145,147,148,283,353,324,332 r/w 149 IPC & Sec 3(1) of PDPP Act | PT |
| 4 | MATTANNUR | 76/2020 | U/s 143,147,148,427,153 r/w 149 IPC & Sec 4 of PDPP Act | PT |
| 5 | MATTANNUR | 638/2020 | U/s 143,147,153,269 r/w 149 IPC & Sce 4(2)(f) r/w 5 of KEDO Act-2020 & Sec 120(b) of KP Act | PT |
| 6 | MATTANNUR | 709/2020 | U/s 143,147,148,283,332 r/w 149 IPC & Sec 120(b) , 117 ( e) of KP Act & Sec 4 (2)(f) r/w 5 of KEDO 2020 Act | PT |
| 7 | VALIYATHURA | 511/2022 | U/S 120(b),332,307 r/w 34 IPC&11(a) of Aircraft act& 22 of Aircraft rules & 3(1)(a) of Suppressive of Un lawful against Safety Civil Aviation | UI |